കേരള സർക്കാർ

# COVID-19 OUTBREAK CONTROL AND PREVENTION STATE CELL
# HEALTH & FAMILY WELFARE DEPARTMENT
# GOVT. OF KERALA

**Landline:** 0471-2302160 **Mobile:**9072315151
**Website:**www.dhs.kerala.gov.in **Email:**controlroomdhskerala@gmail.com

## പൊതുജനങ്ങൾക്കുള്ള അറിയിപ്പ്

**1897 ലെ പകർച്ചവ്യാധി രോഗ നിയമത്തിലെ (കേന്ദ്ര നിയമം3)2, 3, 4 വകുപ്പുകൾ നൽകിയിട്ടുള്ള അധികാരങ്ങൾവിനിയോഗിച്ച് കോവിഡ് 19- ന്റെ വ്യാപന നിയന്ത്രണത്തിനും നിർദ്ദേശങ്ങൾകർശനമായി പാലിക്കുന്നതിനും കേരള സർക്കാർ 21-3-2020നുകേരള പകർച്ചവ്യാധികൾ, കോവിഡ് -19 നിയന്ത്രണങ്ങൾ , 2020ചട്ടങ്ങൾ പുറപ്പെടുവിച്ചിരിക്കുന്നു..**

COVID-19ബാധിത രാജ്യങ്ങളിൽ നിന്നും യാത്രാ ചരിത്രമുള്ളവർ അല്ലെങ്കിൽ അത്തരം യാത്രക്കാരുമായി സമ്പർക്കം പുലർത്തുന്ന വ്യക്തികൾ, വീടുകളിൽ നിരീക്ഷണത്തിൽ തുടരാൻ അഭ്യർത്ഥിക്കുന്നു. ആലിംഗനം അല്ലെങ്കിൽ ഹസ്തദാനം പോലെ സ്പർശിച്ച കൊണ്ടുള്ള സാമൂഹിക ആശംസകൾ ഒഴിവാക്കുക. നിങ്ങളുടെ മുഖം, മൂക്ക്, കണ്ണുകൾ എന്നിവ സ്പർശിക്കുന്നത് ഒഴിവാക്കുക. തുമ്മുമ്പോഴും, ചുമയ്ക്കുമ്പോഴും വായും, മൂക്കും തുവാല കൊണ്ട് മൂടേണ്ടതും, ഇടയ്ക്കിടെ കൈകൾ സോപ്പും, വെള്ളവും ഉപയോഗിച്ച് കഴുകേണ്ടതുമാണ്. കോവിഡ്-19 രോഗലക്ഷണങ്ങൾ ഉള്ളവരും അവരെ പരിചരിക്കുകയും ചെയ്യുന്ന ആളുകൾ മാത്രമേ മാസ്ക് ധരിക്കേണ്ടതുള്ളൂ. മാസ്ക് ഉപയോഗിക്കുന്നവർ അത് ഉപയോഗിക്കേണ്ട മാർഗങ്ങൾമനസ്സിലാക്കി ഉപയോഗിക്കേണ്ടതും, ഉപയോഗശേഷംമാസ്കുകൾ ശാസ്ത്രീയമായി തന്നെ സംസ്കരിക്കേണ്ടതുമാണ്. പൊതുജനങ്ങൾ N-95 മാസ്കുകൾ ഉപയോഗിക്കേണ്ടതില്ല

- ആരോഗ്യ വകുപ്പ് ജീവനക്കാർക്കും മറ്റ് ഇതര വകുപ്പ് ജീവനക്കാർക്കും, പൊതുജനങ്ങൾക്കും വേണ്ട പരിശീലന സഹായികൾ, ആരോഗ്യ അവബോധന സന്ദേശങ്ങൾ വിഡിയോ രൂപത്തിൽ തയ്യാറാക്കി "കേരള ഹെൽത്ത് ഓൺലൈൻ ട്രെയിനിംഗ്" എന്ന ആരോഗ്യവകുപ്പിന്റെ യുട്യൂബ് ചാനലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
  https://www.youtube.com/c/keralahealthonlinetraining

## മാർഗ്ഗനിർദ്ദേശങ്ങൾ

COVID -19, COVID ആശുപത്രികളിലെ മാനവ വിഭവ ശേഷി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, 12.03.20 ന് പ്രസിദ്ധീകരിച്ച നിലവിലെ റിസ്ക് അസസ്മെന്റ് ഗ്രിഡിനെ അടിസ്ഥാനമാക്കി COVID-19 നുള്ള ടെസ്റ്റിംഗ്, നിരീക്ഷണം, ആശുപത്രി അഡ്മിഷൻ, ഡിസ്ചാർജ് എന്നിവയ്ക്കുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾക്കുള്ള അനുബന്ധം, ആശുപത്രികളെ COVID ആശുപത്രികൾലേക്ക് മാറ്റുന്നതിനുള്ള റഫറൻസ് ഗൈഡ് കോവിഡ് കെയർ സെന്ററിൽ രോഗികളെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കോവിഡ്ഫസ്റ്റ് ലൈൻ ചികിത്സ കേന്ദ്രങ്ങളിൽ രോഗിയെ അഡ്മിറ്റ് ചെയ്യുന്നതിനുള്ള മാർഗ്ഗനിർദ്ദേശം, ദന്തസംരക്ഷണ ക്രമീകരണങ്ങളിൽ സ്വീകരിക്കേണ്ട അണുബാധ നിയന്ത്രണ മുൻകരുതലുകൾക്കുള്ള മാർഗ്ഗനിർദ്ദേശം, പിപിഇയുടെ ഉപയോഗത്തെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, കോവിഡ് -19 രോഗനിർണയത്തിനും നിരീക്ഷണത്തിനുമായി റാപിഡ് ഡയഗ്നോസ്റ്റിക് കിറ്റുകൾ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, റസിഡന്റ്സ് അസോസിയേഷന്റെ മാർഗ്ഗനിർദ്ദേശങ്ങൾ, കൊവിഡ് 19 ഇടക്കാല ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ, വാക്സിനേഷനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ഗർഭിണികൾ ലേബർ റൂം ചികിത്സക്കുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, ലക്ഷണങ്ങളില്ലാത്ത ദ്വിതീയ സമ്പർക്കം പുലർത്തിയ ആരോഗ്യ പ്രവർത്തകരുടെ നിരീക്ഷണ മാർഗ്ഗനിർദ്ദേശങ്ങൾ, എന്നിവ പുതിയതായി പുറത്തിറക്കി ഇവ ആരോഗ്യവകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ് .

## തീയതി: 14/04/2020

213 ലോക രാജ്യങ്ങളിൽ കോവിഡ്-19 രോഗം പടർന്നുപിടിക്കുന്നതിനാൽ ലോകാരോഗ്യ സംഘടന കോവിഡ്-19 രോഗത്തെ മഹാമാരിയായി പ്രഖ്യാപിച്ചിരുന്നു.കേരള സർക്കാർ, 20.03.2020ന് കോവിഡ്-19 സംസ്ഥാന ദുരന്തമായി പുനഃപ്രഖ്യാപനം നടത്തുകയുണ്ടായി. ഈ സാഹചര്യത്തിൽ രോഗബാധയ്ക്കെതിരെ ജാഗ്രതയും നിരീക്ഷണവും ശക്തിപ്പെടുത്തി.

### വീട്/ആശുപത്രി നിരീക്ഷണം

- സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 107075 പേർ നിരീക്ഷണത്തിലാണ്
- ഇവരിൽ 106511 പേർ വീടുകളിലും, 564 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്.

### സാമ്പിൾ പരിശോധന

- രോഗലക്ഷണങ്ങൾ ഉള്ള 16235 വ്യക്തികളുടെ സാമ്പിൾ പരിശോധനയ്ക്ക് അയച്ചിട്ടുണ്ട്.
- ഇതിൽ 15488 സാമ്പിളുകളുടെ പരിശോധനാ ഫലം നെഗറ്റിവ് ആണ്.

### പരിശോധനാ ഫലം

- കേരളത്തിൽ ഇന്നലെ വരെ രോഗബാധ സ്ഥിരീകരിച്ച് ചികിത്സയിലായിരുന്നവരുടെ എണ്ണം 178 ആയിരുന്നു.
- ഇന്ന് കേരളത്തിൽ 8 പേർക്ക് രോഗം സ്ഥിരികരിച്ചു. കണ്ണൂർ ജില്ലയിൽ നിന്നും 4 പേർക്കും , കോഴിക്കോട് ജില്ലയിൽ നിന്നും 3 പേർക്കും, കാസർഗോഡ് ജില്ലയിൽ നിന്നും ഒരാൾക്കുമാണ് രോഗം സ്ഥിരീകരിച്ചത് .
- ഇന്ന് കേരളത്തിൽ ചികിത്സയിലായിരുന്ന 13 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയിട്ടുണ്ട്. കാസറഗോഡ് ജില്ലയിൽ നിന്നും 6 (കണ്ണൂർ ജില്ലയിൽ ചികിത്സയിലായിരുന്ന 4 പേർ) പേരുടെയും, എറണാകുളം, പാലക്കാട് ജില്ലകളിൽ നിന്നും 2 പേരുടെ വീതവും, കൊല്ലം, തൃശ്ശൂർ,മലപ്പുറം ജില്ലകളിൽ നിന്നും ഓരോരുത്തരുടെ വീതവും പരിശോധനാഫലമാണ് നെഗറ്റീവ് ആയത്.
- ഇന്ന് 173 പേർ ചികിത്സയിലാണ്.

## അനുബന്ധ പ്രവർത്തനങ്ങൾ

- നിരീക്ഷണത്തിലുള്ള വ്യക്തികളുടെ വർദ്ധിച്ച വരുന്ന എണ്ണം കണക്കാക്കി കൂടുതൽ കോവിഡ് കെയർ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ താമസം അല്ലാത്ത ടൂറിസ്റ്റുകൾ, മറ്റു യാത്രക്കാർ എന്നിവരുടെ ഐസോലെഷൻ ഉദ്ദേശിച്ചു ആണ് ഈ കേന്ദ്രങ്ങൾ. ഇതിൽ മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വരുന്നവരെ കൂടി താമസിപ്പിക്കുന്നതായിരിക്കും.
- 'ഒറ്റയ്ക്കല്ല ഒപ്പമുണ്ട്' - മാനസിക-സാമൂഹിക പിന്തുണ നൽകുന്നതിനായി 1058 മാനസികരോഗ്യ പ്രവർത്തകർ ജില്ലാ അടിസ്ഥാനത്തിൽ എല്ലാ ജില്ലകളിലും പ്രവർത്തിക്കുന്നു, ഇവർ നിരീക്ഷണത്തിൽ കഴിയുന്ന 1,95,161 വ്യക്തികൾക്ക് ടെലികൌൺസിലിംഗ് സേവനങ്ങൾ നൽകിയിട്ടുണ്ട്. കൂടാതെ മനോരോഗ ചികിത്സയിൽ ഇരിക്കുന്നവർ, ഭിന്നശേഷി കുട്ടികൾ, അഥിതി തൊഴിലാളികൾ, ഒറ്റയ്ക്ക് കഴിയുന്ന വയോജനങ്ങൾഎന്നിവർക്കും സൈക്കോ സോഷ്യൽ സപ്പോർട്ട് കോളുകൾനൽകുന്നു. കൊറോണ രോഗ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്നവരുടെ മാനസിക സമ്മർദ്ദം ലഘൂകരിക്കുന്നതിനും ടെലികൌൺസിലിംഗ് നൽകുന്നു. ഇതുവരെ എല്ലാവിഭാഗത്തിനുമായി 3,42,400 ടെലികൌൺസിലിംഗ് കോളുകൾ സൈക്കോ സോഷ്യൽ സപ്പോർട്ട്ടീം സംസ്ഥാനമൊട്ടാകെ നൽകി കഴിഞ്ഞു. ഇതിനു പുറമെകമ്മ്യൂണിറ്റി ഡി അഡിക്ഷന്റെ ഏകോപനവും നടത്തുന്നു..
- ആരോഗ്യ പ്രവർത്തകർ, ആരോഗ്യസേന, സന്നദ്ധ പ്രവർത്തകർ എന്നിവരടങ്ങുന്ന സ്ക്വാഡുകൾ രൂപീകരിച്ച് ഗൃഹ സന്ദർശനം നടത്തി നിരീക്ഷണത്തിലുള്ള വ്യക്തികളുമായി ശക്തമായ ആശയവിനിമയം ഉറപ്പാക്കുന്നതാണ്.
- സംസ്ഥാന തലത്തിലും എല്ലാ ജില്ലകളിലും അവശ്യ മാനവവിഭവശേഷി ഉറപ്പു വരുത്താനായുള്ള ടീമുകളെ വിന്യസിച്ചു.

- എല്ലാ ജില്ലകളിലേയും തിരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മതിയായ ഭൗതിക സാഹചര്യങ്ങളും പ്രത്യേക ചികിത്സാ സൗകര്യങ്ങളും ഉറപ്പു വരുത്തിയിട്ടുണ്ട്.
- കോവിഡ്-19 നുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ആധികാരിക വിവരങ്ങൾനൽകുന്നതിനും കൃത്യമായ ബോധവത്കരണം നടത്തുന്നതിനുമായി വാട്ട്സാപ്പിൽ പ്രവർത്തിക്കുന്ന സംവേദനാത്മക ചാറ്റ് ബോട്ട് ആരോഗ്യ മന്ത്രി കെ.കെ ശൈലജ ടീച്ചർ പുറത്തിറക്കി.
- 9072220183എന്ന നമ്പറിലാണ് ചാറ്റ് ബോട്ട് പ്രവർത്തിക്കുന്നത്. ചാറ്റ് ബോട്ട് വഴി കോവിഡ്-19 നെക്കുറിച്ചുള്ള അധികാരിക വിവരങ്ങൾ അറിയേണ്ടവർ 9072220183 എന്ന നമ്പർ മൊബൈലിൽ സേവ് ചെയ്യുകയും തുടർന്ന് ആ നമ്പറിലേക്ക് വാട്ട് സാപ്പിലൂടെ ഒരു ഹായ് അയക്കുകയും ചെയ്യുക. വിശദ വിവരങ്ങൾക്കായി ആരോഗ്യ വകുപ്പ് വെബ്സൈറ്റ് സന്ദർശിക്കുക. http://dhs.kerala.gov.in/
- കോവിഡ്-19 നെതിരായ പോരാട്ടത്തിൽ ആരോഗ്യവകുപ്പുമായി കൈകോർക്കാൻ ആരോഗ്യപ്രവർത്തകരെ ഞങ്ങൾ ക്ഷണിക്കുന്നു.ആശുപത്രികൾ, വീടുകൾ,വിമാനത്താവളങ്ങൾ, തുറമുഖങ്ങൾ, റെയിൽവേ സ്റ്റേഷനുകൾ, ബസ് സ്റ്റേഷനുകൾ എന്നിവിടങ്ങളിൽ സന്നദ്ധ സേവനം നടത്തുന്നതിന് താഴെ നൽകിയിരിക്കുന്ന ലിങ്ക് ഉപയോഗിച്ച് നിങ്ങൾക്കും ചേരാം. താൽപ്പര്യമുള്ള ആരോഗ്യ പ്രവർത്തകർക്ക് ഈ ഫോമിൽ വിശദാംശങ്ങൾ പൂരിപ്പിച്ച് സമർപ്പിക്കാം. ആരോഗ്യകുടുംബക്ഷേമ വകുപ്പ്ഉടൻ തന്നെ നിങ്ങളെ ബന്ധപ്പെടുന്നതായിരിക്കും.

**വരൂ, ഞങ്ങളോടൊപ്പം അണി ചേരൂ**

https://forms.gle/3FtcS7ovp1YGG9539

**അനുബന്ധം-1: ജില്ലകളിൽ നിരീക്ഷണത്തിൽ ഉള്ളവരുടെ വിവരങ്ങൾ**

| ജില്ല | ആകെ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | വീടുകളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ആശുപത്രികളിൽ നിരീക്ഷണത്തിലുള്ള ആളുകളുടെ എണ്ണം | ഇന്ന് അഡ്മിറ്റ് ചെയ്യപ്പെട്ടവരുടെ എണ്ണം |
|---|---|---|---|---|
| തിരുവനന്തപുരം | 2890 | 2794 | 96 | 18 |
| കൊല്ലം | 5104 | 5093 | 11 | 0 |
| പത്തനംതിട്ട | 5920 | 5905 | 15 | 3 |
| ഇടുക്കി | 3674 | 3674 | 0 | 0 |
| കോട്ടയം | 2280 | 2280 | 0 | 0 |
| ആലപ്പുഴ | 6686 | 6675 | 11 | 1 |
| എറണാകുളം | 1657 | 1629 | 28 | 4 |
| തൃശ്ശൂർ | 9316 | 9304 | 12 | 2 |
| പാലക്കാട് | 14216 | 14180 | 36 | 15 |
| മലപ്പുറം | 12189 | 12166 | 23 | 11 |
| കോഴിക്കോട് | 16240 | 16211 | 29 | 5 |
| വയനാട് | 9504 | 9499 | 5 | 0 |
| കണ്ണൂർ | 7758 | 7644 | 114 | 18 |
| കാസർഗോഡ് | 9641 | 9457 | 184 | 4 |
| **ആകെ** | **107075** | **106511** | **564** | **81** |

## അനുബന്ധം-2: രോഗബാധ സ്ഥിരീകരിച്ചിട്ടുള്ളവരുടെ ക്രമം

| തീയതി | രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|---|
| | 3 | തൃശ്ശൂർ<br>ആലപ്പുഴ<br>കാസറഗോഡ് | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 9.03.2020 | 5 | പത്തനംതിട്ട | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 9.03.2020 | 1 | ഏറണാകുളം(കണ്ണൂർ സ്വദേശി) | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 10.03.2020 | 8 | കോട്ടയം – 2<br>പത്തനംതിട്ട – 3<br>ഏറണാകുളം –2<br>(കണ്ണൂർ സ്വദേശികൾ) | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| | | പത്തനംതിട്ട – 1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 12.03.2020 | 2 | കണ്ണൂർ –1<br>തൃശ്ശൂർ –1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 13.03.2020 | 3 | തിരുവനന്തപുരം –3<br>(1 വിദേശി) | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 15.03.2020 | 2 | തിരുവനന്തപുരം –1<br>ഇടുക്കി – 1(വിദേശി) | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 16.03.2020 | 3 | മലപ്പുറം–1<br>കാസറഗോഡ്–1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 19.03.2020 | 1 | കാസറഗോഡ്–1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 20.03.2020 | 12 | ഏറണാകുളം–1<br>കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | ഏറണാകുളം–5<br>കാസറഗോഡ്–5 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 21.03.2020 | 12 | ഏറണാകുളം–1<br>കാസറഗോഡ്–2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | ഏറണാകുളം–2<br>കണ്ണൂർ –3<br>കാസറഗോഡ്–4 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 22.03.2020 | 15 | കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | ഏറണാകുളം–1 | പോസിറ്റീവ് | നിര്യാതനായി |
| | | ഏറണാകുളം–1<br>മലപ്പുറം–2<br>കോഴിക്കോട്–2<br>കണ്ണൂർ–4<br>കാസറഗോഡ്–4 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 23.03.2020 | 28 | പത്തനംതിട്ട–1<br>കാസറഗോഡ്–4 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തൃശ്ശൂർ –1<br>ഏറണാകുളം–2<br>കണ്ണൂർ –5<br>കാസറഗോഡ്–15 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 24.03.2020 | 14 | എറണാകുളം–1<br>കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |

| തീയതി | രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|---|
| | | തിരുവനന്തപുരം–1<br>ആലപ്പുഴ–1<br>കോട്ടയം–1പാലക്കാട്–1<br>മലപ്പുറം–1<br>കോഴിക്കോട്–2<br>കാസറഗോഡ്–5 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 25.03.2020 | 9 | പാലക്കാട്–1<br>പത്തനംതിട്ട– 2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | ഇടുക്കി–1എറണാകുളം–3പാലക്കാട്–1<br>കോഴിക്കോട്–1 | നെഗറ്റീവ് | |
| 26.03.2020 | 19 | കണ്ണൂർ –5<br>മലപ്പുറം –2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | കണ്ണൂർ –4<br>ഇടുക്കി– 1<br>കാസറഗോഡ്–3<br>മലപ്പുറം–1<br>തൃശ്ശൂർ –2<br>വയനാട്–1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 27.03.2020 | 39 | കാസറഗോഡ്–19<br>കണ്ണൂർ –1<br>തൃശ്ശൂർ –1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | കൊല്ലം –1<br>കോഴിക്കോട്–1<br>കണ്ണൂർ –1<br>കാസറഗോഡ്–15 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 28.03.2020 | 6 | തിരുവനന്തപുരം–2<br>കൊല്ലം–1<br>പാലക്കാട്–1<br>മലപ്പുറം –1<br>കാസറഗോഡ്–1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 29.03.2020 | 20 | കണ്ണൂർ –2<br>കാസറഗോഡ്–1<br>തൃശ്ശൂർ –1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തിരുവനന്തപുരം– 1 | പോസിറ്റീവ് | നിര്യാതനായി |
| | | എറണാകുളം–1<br>തൃശ്ശൂർ –1<br>പാലക്കാട്– 1<br>മലപ്പുറം –1<br>കണ്ണൂർ –6<br>കാസറഗോഡ്–6 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 30.03.2020 | 32 | കാസറഗോഡ്–11<br>കണ്ണൂർ –3<br>വയനാട്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | ഇടുക്കി–2<br>വയനാട്–1<br>കണ്ണൂർ –8<br>കാസറഗോഡ്–6 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |

| തീയതി | രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|---|
| 31.03.2020 | 7 | തിരുവനന്തപുരം–1<br>കാസറഗോഡ്–1<br>കൊല്ലം –1<br>കണ്ണൂർ–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തിരുവനന്തപുരം–1<br>തൃശ്ശൂർ –<br>1കാസറഗോഡ്–1 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 01.04.2020 | 24 | കാസറഗോഡ്–11<br>എറണാകുളം–2<br>തൃശ്ശൂർ –1<br>കണ്ണൂർ–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തിരുവനന്തപുരം–2<br>എറണാകുളം–1<br>തൃശ്ശൂർ –1<br>പാലക്കാട്– 1<br>മലപ്പുറം–2<br>കണ്ണൂർ–1<br>കാസറഗോഡ്–1 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 02.04.2020 | 21 | കാസറഗോഡ്–5<br>കൊല്ലം –2<br>തൃശ്ശൂർ –1<br>മലപ്പുറം–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തിരുവനന്തപുരം–1<br>പത്തനംതിട്ട–1<br>ഇടുക്കി–5<br>തൃശ്ശൂർ –1<br>മലപ്പുറം–1<br>കോഴിക്കോട്–1<br>കണ്ണൂർ–1<br>കാസറഗോഡ്–3 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 03.04.2020 | 9 | കാസറഗോഡ്–7 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തൃശ്ശൂർ –1<br>കണ്ണൂർ–1 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 04.04.2020 | 11 | കാസറഗോഡ്–2<br>കൊല്ലം –1<br>ആലപ്പുഴ–1<br>എറണാകുളം–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | പാലക്കാട്– 1<br>കണ്ണൂർ–1<br>കാസറഗോഡ്–4 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 05.04.2020 | 8 | കോഴിക്കോട്–5<br>കണ്ണൂർ–1<br>കാസറഗോഡ്–1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | പത്തനംതിട്ട–1 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |
| 06.04.2020 | 13 | കാസറഗോഡ്–9<br>മലപ്പുറം –2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | കൊല്ലം –1<br>പത്തനംതിട്ട–1 | നെഗറ്റീവ് | ഡിസ്ച്ചാർജ് ചെയ്തു |

| തീയതി | രോഗബാധ സ്ഥിരീകരിച്ച വ്യക്തികളുടെ എണ്ണം | ജില്ല | നിലവിലെ അവസ്ഥ | പരാമർശം |
|---|---|---|---|---|
| 07.04.2020 | 8 | കാസറഗോഡ്-4<br>കണ്ണൂർ-2<br>കൊല്ലം -1<br>മലപ്പുറം -1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 08.04.2020 | 9 | കണ്ണൂർ-4<br>ആലപ്പുഴ-2<br>പത്തനംതിട്ട-1<br>കാസറഗോഡ്-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| | | തൃശ്ശൂർ -1 | നെഗറ്റീവ് | ഡിസ്ചാർജ് ചെയ്തു |
| 09.04.2020 | 12 | കണ്ണൂർ-4<br>കാസറഗോഡ്-4<br>മലപ്പുറം -2<br>കൊല്ലം -1<br>തിരുവനന്തപുരം-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 10.04.2020 | 7 | കാസറഗോഡ്-3<br>കണ്ണൂർ-2<br>മലപ്പുറം -2 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 11.04.2020 | 10 | കണ്ണൂർ-7<br>കാസറഗോഡ്-2<br>കോഴിക്കോട്-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 12.04.2020 | 2 | പത്തനംതിട്ട-1<br>കണ്ണൂർ-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 13.04.2020 | 3 | കണ്ണൂർ-2<br>പാലക്കാട്-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |
| 14.04.2020 | 8 | കണ്ണൂർ-4<br>കോഴിക്കോട്-3<br>കാസർഗോഡ്-1 | പോസിറ്റീവ് | ആശുപത്രി നിരീക്ഷണം |

- **ഇതുവരെ 386 രോഗികളിലാണ് രോഗം സ്ഥിരീകരിച്ചിട്ടുള്ളത്.**
- **ഇതിൽ 173 പേർ ചികിത്സയിലാണ്**

**അനുബന്ധം-3:ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തിരിക്കുന്നവരുടെ ജില്ലതിരിച്ചുള്ളകണക്ക്**

| ജില്ല | ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം | മറ്റ് ജില്ലക്കാർ |
|---|---|---|
| തിരുവനന്തപുരം | 2 | |
| കൊല്ലം | 6 | |
| പത്തനംതിട്ട | 6 | - |
| ആലപ്പുഴ | 3 | - |
| എറണാകുളം | 5 | 1മലപ്പുറം |
| തൃശ്ശൂർ | 1 | - |
| പാലക്കാട് | 2 | - |
| മലപ്പുറം | 9 | - |
| കോഴിക്കോട് | 11 | 2 കണ്ണൂർ |
| വയനാട് | 1 | |
| കണ്ണൂർ | 43 | 4 കാസർഗോഡ് |
| കാസറഗോഡ് | 84 | - |
| **ആകെ** | **173** | |